**കേരള സർക്കാർ**

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കേരള ചരിത്ര ഗവേഷണ കൗൺസിലിൽ ഡ്രൈവർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ശ്രീ. സന്തോഷ്. ജെ-യുടെ സർവ്വീസ് ഒരു പ്രത്യേക കേസ്സായി കണക്കാക്കി സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.605/2020/ഉ.വി.വ. തീയതി, തിരുവനന്തപുരം,14.05.2020

==========================================================================

പരാമർശം-

1. 17.12.2007-ലെ സ.ഉ.(സാധാ) നം. 612/07/സി.എ.ഡി നമ്പർ ഉത്തരവ്
2. ശ്രീ.സന്തോഷ്.ജെ-യുടെ 17.05.2019-ലെ അപേക്ഷ
3. ചരിത്ര ഗവേഷണ കൗൺസിൽ ഡയറക്ടറുടെ 06.08.2019, 02.09.2019, 24.02.2020, 26.02.2020 എന്നീ തീയതികളിലെ 742/Estt-Driver/KCHR/2019 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള ചരിത്ര ഗവേഷണ കൗൺസിലിൽ ഒരു ഡ്രൈവർ തസ്തിക സൃഷ്ടിച്ചിരുന്നു. പ്രസ്തുത തസ്തികയിൽ 11.05.2005 മുതൽ ദിവസ വേതന അടിസ്ഥാനത്തിലും 01.06.2009 മുതൽ കരാർ അടിസ്ഥാനത്തിലും ശ്രീ. സന്തോഷ്.ജെ തുടർച്ചയായി സേവനമനുഷ്ഠിച്ചുവരുന്നു. കേരള ചരിത്ര ഗവേഷണ കൗൺസിലിൽ നിലവിലുള്ള സേവന വേതന വ്യവസ്ഥകൾ പ്രകാരം ശ്രീ.സന്തോഷ്.ജെ-യ്ക്ക് ഡ്രൈവർ തസ്തികയിൽ നിയമിക്കപ്പെടുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിഷ്കർഷിച്ചിരിക്കും വിധം 7-ാം ക്ലാസ് വിജയവും എൽ.എം.വി ഡ്രൈവിംഗ് ലൈസൻസുമുള്ളതിനാലും, ഡ്രൈവർ തസ്തികയിൽ 14 വർഷത്തെ തുടർച്ചയായ സർവ്വീസ് ഉള്ളതിനാലും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷകൾക്ക് അപേക്ഷിക്കുവാനുള്ള പ്രായ പരിധി കഴിഞ്ഞതിനാലും നിലവിലുള്ള തസ്തികയിൽ തന്നെ സ്ഥിരപ്പെടുത്തണമെന്ന് പരാമർശം (2) പ്രകാരം ടിയാൾ അപേക്ഷിച്ചിരുന്നു.

2. കേരള ചരിത്ര ഗവേഷണ കൗൺസിലിൽ നിലവിൽ ഒരു വാഹനവും സർക്കാർ അനുമതിയുള്ള ഒരു ഡ്രൈവർ തസ്തികയുമാണുള്ളതെന്നും ആയതിനാൽ ശ്രീ.സന്തോഷ്.ജെ-യെ സ്ഥിരപ്പെടുത്തുമ്പോൾ പുതിയ തസ്തിക സൃഷ്ടിക്കേണ്ടതില്ലാത്തതിനാലും അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത തിനാലും ടിയാന് ഡ്രൈവർ തസ്തികയിൽ സ്ഥിരനിയമനം നൽകുന്നതിനുള്ള ശുപാർശ 31.05.2019 ലെ എക്സിക്യൂട്ടീവ് യോഗത്തിൽ അംഗീകരിച്ചതായും ശ്രീ.സന്തോഷ് ജെ-യ്ക്ക് ഡ്രൈവർ തസ്തികയിൽ തുടരാൻ ആവശ്യമായ ഡ്രൈവിംഗ് യോഗ്യതയുള്ളതിനാലും പ്രസ്തുത തസ്തികയിൽ സ്ഥിര നിയമനം

നൽകാവുന്നതാണെന്നും ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ചരിത്ര ഗവേഷണ കൗൺസിലിൽ താത്കാലിക അടിസ്ഥാനത്തിൽ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീ. സന്തോഷ്.ജെ-യുടെ തുടർച്ചയായ 14 വർഷത്തെ സേവനം പരിഗണിച്ച്, അവിടെ നിലവിലുള്ള ഡ്രൈവർ തസ്തികയുടെ ഒഴിവിൽ, ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് ശ്രീ. സന്തോഷ്.ജെ യെ ഈ ഉത്തരവ് തീയതി മുതൽ പ്രാബല്യം നൽകി സ്ഥിരപ്പെടുത്തി നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം,)

**ഡോ.ഉഷ ടൈറ്റസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ് :

1. ഡയറക്ടർ, കേരള ചരിത്ര ഗവേഷണ കൗൺസിൽ, വൈലോപ്പിള്ളി സംസ്കൃതി ഭവൻ, നളന്ദ പി.ഓ., തിരുവനന്തപുരം.
2. സന്തോഷ്.ജെ, ഡ്രൈവർ, കേരള ചരിത്ര ഗവേഷണ കൗൺസിൽ, വൈലോപ്പിള്ളി സംസ്കൃതി ഭവൻ, നളന്ദ പി.ഓ., തിരുവനന്തപുരം.
3. പൊതുഭരണ (സ്പെഷ്യൽ-സെൽ) വകുപ്പ് (തീയതി 13.05.2020)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ് (vide U.O (f)No. EDN.B2/155/2019/Fin.)
6. നിയമ വകുപ്പ് (vide U.O.(f) No.26305/F1/2019/Law Dept)
7. സാംസ്കാരികകാര്യ വകുപ്പ്
8. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (പ്രസിദ്ധീകരണത്തിന്)
9. ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ